പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 567 02/12/2014- ലെ മറുപടിക്ക്

**പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി**

| **ചോദ്യം**<br>ശ്രീ.എം.എ.ബേബി | | **ഉത്തരം**<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പെട്രോളിനും ഡീസലിനും വില കൂട്ടിയ ഏതെല്ലാം ഘട്ടത്തിലാണ് സംസ്ഥാന സർക്കാർ നികുതി ഒഴിവാക്കിയത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ എണ്ണക്കമ്പിനികൾ 18 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയപ്പോൾ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനം വിവിധ ഘട്ടങ്ങളിൽ ഒഴിവാക്കിയ നികുതി ഇപ്പോൾ പിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നികുതി ഇപ്പോൾ എത്രയാണ്; പ്രസ്തുത നികുതി പിരിച്ചെടുക്കുന്നതു വഴി ഒരു വർഷം ശരാശരി എന്ത് തുക അധിക വരുമാനം പ്രതീക്ഷിക്കുന്നു; | (ബി & സി) | അവസാനമായി 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പിനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19.11.2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.27 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചുട്ടുണ്ട്.<br>പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പിനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (**ad valorem**)നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിന് മേൽ വില എന്തുതന്നെയായലും ഒരു |
| (സി) | കേന്ദ്രം ഡീസലിനും പെട്രോളിനും വില കൂട്ടിയപ്പോൾ അത് സംസ്ഥാനം പിരിക്കേണ്ടതില്ലന്ന് തീരുമാനിച്ച സാഹചര്യം എന്തായിരുന്നു; പ്രസ്തുത സാഹചര്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ടോ; ഇല്ലെങ്കിൽ വേണ്ടെന്ന് വെച്ച നികുതി പൂർണ്ണമായും പിരിച്ചെടുക്കാനിപ്പോൾ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം **ad valorem** അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാന വില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതുപോലെ തന്നെ അടിസ്ഥാനവില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/ കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു.<br>വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്നുവെച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ